# ഇന്ത്യാ വിഭജനത്തിന്റെ മുറിവുകൾ

**വിഭജനത്തെക്കുറിച്ചുള്ള** ചർച്ചകളിലും ലേഖനങ്ങളിലുമെല്ലാം ഇന്ത്യയിലെ രാഷ്ട്രീയ നേതൃത്വങ്ങളുടെ പങ്കിനെക്കുറിച്ച് മാത്രമേ പരാമർശിച്ചു കാണാറുള്ളൂ. പി.കെ മുഹമ്മദ് കുഞ്ഞിയുടെ ലേഖനവും (ലക്കം 24) തഥാ. കൊളോണിയൽ ചരിത്രബോധം നമ്മെ ആഴത്തിൽ സ്വാധീനിച്ചതാകാം കാരണം.

ബ്രിട്ടീഷ് സാമ്രാജ്യത്വമാണ് വിഭജനത്തിന്റെ വിധാതാക്കളെന്ന് ചരിത്രത്തെ നേർവായനക്ക് വിധേയമാക്കുന്ന ആർക്കും ബോധ്യപ്പെടും. ജിന്നയും പട്ടേലും നെഹ്റുവും ആസാദുമെല്ലാം കരുക്കൾ മാത്രമായിരുന്നു. നൂറ്റാണ്ട് പഴക്കമുള്ള ഗൂഢാലോചനയുടെ ഫലമായിരുന്നു വിഭജനം. ഒരു രാജ്യം രണ്ടായി തുണ്ടമാക്കപ്പെടുന്നതിന് കാരണമാകാറുള്ള മതപരമോ വംശീയമോ ആയ സ്വത്വങ്ങളുടെ കൊടുമ്പിരികൊള്ളൽ വിഭജനപൂർവ ഇന്ത്യയിൽ സംഭവിച്ചിട്ടില്ല. മതത്തിന്റെ പേരിലാണ് രാജ്യം പകുക്കപ്പെട്ടതെന്ന പ്രചാരണം ഇക്കാരണത്താൽ തന്നെ സത്യവിരുദ്ധമാണ്. പുറമെനിന്നുള്ള ഒരു ശക്തിയുടെ ഗുപ്തതാൽപര്യങ്ങൾ ഇന്ത്യാ വിഭജനത്തിന് പിൻബലമായി വർത്തിച്ചിട്ടുണ്ട്. അതാണ് അന്വേഷിക്കപ്പെടേണ്ടത്.

ഇന്ത്യയിലെ ഹിന്ദു-മുസ്‌ലിം വിഭാഗങ്ങളെ മതത്തിന്റെ പേരിൽ അടർത്തിമാറ്റി പരസ്പരം പോരടിക്കേണ്ടവരാണ് നിങ്ങളെന്ന് തെറ്റിദ്ധരിപ്പിച്ചത് കൊളോണിയൽ ശക്തികളായിരുന്നു. സാമ്രാജ്യത്വഭരണത്തിന്റെ തട്ടും തടവുമില്ലാത്ത പ്രയാണത്തിന് അതൊരാവശ്യമായിരുന്നു. ഇതിനുവേണ്ടി മധ്യകാല ഇന്ത്യാ ചരിത്രത്തെ വിഷംപുരട്ടി അവതരിപ്പിക്കുകയാണ് അവർ ആദ്യം ചെയ്തത്. നെടുനാളത്തെ മുസ്‌ലിം ഭരണത്തിനു കീഴിൽ ഇന്ത്യയിലെ ഹിന്ദു പൗരന്മാർക്ക് ദുരിതപർവങ്ങളേറെ സഹിക്കേണ്ടിവന്നിട്ടുണ്ടെന്നും ഇന്ത്യ വാണ മുസ്‌ലിം രാജാക്കന്മാർ ഹിന്ദുപ്രജകളോട് കൊടുംപാതകങ്ങൾ ചെയ്തിട്ടുണ്ടെന്നും ഹിന്ദു സമുദായത്തെ തെറ്റിദ്ധരിപ്പിക്കാൻ ബ്രിട്ടീഷ് ചരിത്രകാരന്മാർക്ക് സാധിച്ചു. മഹാന്മാരായ ബാബറും ഔറംഗസീബും ടിപ്പുവുമെല്ലാം പ്രതിനായകന്മാരായി ചിത്രീകരിക്കപ്പെട്ടു. അവരുടെ പെരുമയാർന്ന പരമതസ്നേഹവും സഹിഷ്ണുതയും തമസ്കരിക്കപ്പെടുകയായിരുന്നു. 'അക്രമിക്കൂട്ടങ്ങളായ' മുസ്‌ലിംകളോട് പ്രതികാരം ചെയ്യേണ്ടത് ആത്മാഭിമാനബോധമുള്ള ഹിന്ദുവിന്റെ ചരിത്രദൗത്യമാണെന്ന് ഈ ചരിത്രം വായിച്ച ഹിന്ദു സഹോദരങ്ങൾ തെറ്റിദ്ധരിച്ചുപോയതിൽ വിസ്മയത്തിനിടമില്ല. ഗോൾവാൾക്കറെയും ഹെഡ്ഗവാറിനെയും പോലുള്ളവർ അവരുടെ ചിന്തകൾക്ക് ഊർജം കടഞ്ഞെടുത്തത് ഇത്തരം ചരിത്ര നിർമിതികളിൽനിന്നായിരുന്നു.

വിഭജനത്തെക്കുറിച്ചുള്ള പഠനങ്ങളിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെയും അവരുടെ ആത്മമിത്രങ്ങളായിരുന്ന ആർ.എസ്.എസ്സിന്റെയും പങ്ക് ഒഴിച്ച് നിർത്തപ്പെട്ടുകൂടാ. സ്വന്തം ചവിട്ടുനിലങ്ങൾ ഭദ്രമാക്കാൻ സാമ്രാജ്യത്വവും ഫാഷിസവും ദേശീയതയെയും വംശീയതയെയും എക്കാലത്തും ആയുധമാക്കിയിട്ടുണ്ട്. രാജ്യത്തെ ഹിന്ദു-മുസ്‌ലിം മതവിഭാഗങ്ങൾക്കിടയിൽ സംശയത്തിന്റെയും വിദ്വേഷത്തിന്റെയും അന്തരീക്ഷം സൃഷ്ടിച്ച് അവരെ മാനസികമായി വിഘടി

പ്പിച്ചതിൽ ഈ രണ്ട് കൂട്ടരുടെയും വിഹിതം കനപ്പെട്ടതാണ്. യഥാർഥത്തിൽ റാഡ്ക്ലിഫിന്റെ കത്രിക ഇന്ത്യയെ ഭൂമിശാസ്ത്രപരമായി കീറിമുറിക്കുന്നതിനുമെത്രയോ മുമ്പു തന്നെ ഇവിടത്തെ ഹിന്ദു-മുസ്‌ലിം ജനവിഭാഗങ്ങളെ ഫാഷിസ്റ്റ്-കൊളോണിയൽ കൂട്ടുകെട്ട് മാനസികമായി പകുത്ത് മാറ്റിയിരുന്നു. അഖണ്ഡ ഭാരതത്തിന് വേണ്ടി നിലകൊള്ളുമ്പോൾ തന്നെ ഇന്ത്യയുടെ ബഹുസ്വരതയിൽ ഭിന്നിപ്പുണ്ടാക്കി ജനമനസ്സുകളെ അകറ്റുക എന്ന വൈരുധ്യം നിറഞ്ഞ നിലപാടാണ് ആർ.എസ്.എസ് കൈക്കൊണ്ടിരുന്നത്. അതുകൊണ്ട് ഫാഷിസ്റ്റ്-കൊളോണിയൽ ദ്വയത്തെ മാറ്റി നിർത്തിക്കൊണ്ടുള്ള വിഭജന ചർച്ചകൾ അപൂർണമാണ്.

ഇന്ത്യയിലെ സ്ഥിരപ്രജ്ഞരായ നേതാക്കളാരും രാജ്യം പകുക്കപ്പെടുന്നതിനോട് ആദ്യഘട്ടത്തിൽ യോജിപ്പില്ലാത്തവരായിരുന്നു. 'എന്റെ ശവത്തിൽ ചവിട്ടിയല്ലാതെ രാജ്യത്തെ വിഭജിക്കാനാവില്ല' എന്ന് ഉറക്കെപ്പറഞ്ഞ ഗാന്ധിജിയെയും ഒറ്റപ്പെടലിന്റെ സന്ദിഗ്ധാവസ്ഥയിലും മുസ്‌ലിം രാഷ്ട്ര വാദത്തിനെതിരെ ദേശീയപക്ഷത്ത് ഉറച്ചു നിന്ന അബുൽ കലാം ആസാദിനെയും വിഭജനത്തിന്റെ കുറ്റഭാരത്തിൽ പങ്കാളികളാക്കുന്നത് ഖേദകരമാണ്. ദ്വിരാഷ്ട്രവാദത്തെയും വിഭജനത്തെയും അന്തിമഘട്ടത്തിൽ വേദനയോടെ അംഗീകരിക്കേണ്ടിവരികയായിരുന്നു പല ഇന്ത്യൻ നേതാക്കൾക്കും. മറിച്ചുള്ള പ്രചാരണങ്ങൾ ഇവിടത്തെ ഹിന്ദു-മുസ്‌ലിം ഏകത തകർന്നു കാണാൻ കൊതിക്കുന്നവരുടേതാണ്. സ്വതന്ത്ര ഇന്ത്യയെ അഖണ്ഡമായി നിലനിർത്തിയാൽ ഒട്ടും ദൂരെയല്ലാത്ത ഭാവിയിൽ അത് കീഴടക്കാനാവാത്ത ലോകശക്തിയായി മാറുമെന്നും അത് ലോകത്തിനുമേലുള്ള യൂറോപ്പിന്റെ മേധാവിത്വത്തെ ഇല്ലാതാക്കുമെന്നും മനസ്സിലാക്കിയ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കുയുക്തിയിൽ കുരുത്തതാണ് ഇന്ത്യാ വിഭജനം. അധിനിവേശ പ്രദേശങ്ങളിൽ ഇന്നും സാമ്രാജ്യത്വം ഇതേ അടവുകൾ തന്നെയാണ് പ്രയോഗിക്കുന്നത്. ശീഈ-സുന്നി വിഭാഗങ്ങളെ തമ്മിലടിപ്പിച്ച് ഇറാഖിനെ വിഭജിക്കാൻ അമേരിക്കൻ സാമ്രാജ്യത്വം കളിക്കുന്ന അതേ കളി തന്നെയായിരുന്നു ഹിന്ദു-മുസ്‌ലിം വിഭാഗങ്ങളെ വെച്ച് ഇന്ത്യയെ പകുക്കാൻ ബ്രിട്ടീഷ് സാമ്രാജ്യത്വവും കളിച്ചിരുന്നത്. തദ്ദേശീയമായി നിർമിച്ചെടുത്ത ഒരു ചരിത്രമില്ലാതെ പോയതാണ് ഇന്ത്യയുടെ ഏറ്റവും വലിയ നഷ്ടം.

**സ്നേഹവ്രതൻ പൂക്കോട്ടൂർ**

# പർദ വിമർശനം കുറിക്ക് കൊള്ളുന്ന മറുപടി

***പ്രബോധനം*** ലക്കം 25 പല സമകാലിക വിഷയങ്ങളെയും വിശകലനം ചെയ്യുന്നതായി ഹജ്ജ് കർമം മുതൽ സ്ത്രീയും ലൗ ജിഹാദും എസ്.എഫ്.ഐ കാലത്തെ കാമ്പസും മറ്റുമായി ബന്ധപ്പെട്ട ചർച്ചകൾ ചിന്തോദ്ദീപകമാണ്.

എം.എൻ കാരശ്ശേരി *മാതൃഭൂമി* ആഴ്ചപ്പതിപ്പിൽ പതിവ് ശൈലിയിൽ പർദയെ വിമർശിച്ചതിനുള്ള ഹമീദ് വാണിമേലിന്റെ മറുപടിയും നന്നായി. പ്രസ്ഥാനത്തെയും പോഷക സംഘടനകളെയും എന്നും തരംതാഴ്ത്താൻ ശ്രമിക്കുന്ന കാരശ്ശേരിയുടെ വിമർശനങ്ങൾക്ക് പതിറ്റാണ്ടുകൾ പഴക്കമുണ്ട്. ഞങ്ങളുടേതുൾപ്പെടെയുള്ള മിക്ക കാമ്പസുകളിലും നല്ല രീതിയിൽ തട്ടം താഴ്ത്തിയിട്ടാൽ 'പെൻഗ്വിൻ' എന്ന് വിളിച്ച് ചിലർ പരിഹസിക്കുമ്പോൾ മറ്റൊരു വിഭാഗം അതിനെ പ്രോത്സാഹിപ്പിക്കാറുമുണ്ട്. പരിഹസിക്കുന്നവർ അറിയുന്നില്ല, പർദക്കുള്ളിൽ മിടിക്കുന്ന ഹൃദയവും പൊരുതുന്ന മനസ്സും ഉണ്ടെന്ന കാര്യം. അതുകൊണ്ടുതന്നെയാവാം ജമാഅത്തെ ഇസ്‌ലാമി വനിതാ സമ്മേളനവുമായി ബന്ധപ്പെട്ട പൊതുപരിപാടിയിൽ സ്ത്രീകൾ നിറഞ്ഞു നിൽക്കുമ്പോൾ ചിലർ അതിനെ വിമർശിക്കുന്നത്.

**സുമാന**
**പി.ടി.എം ഗവ. കോളേജ് പെരിന്തൽമണ്ണ**

# ഗൗരവമുള്ള ചർച്ചകളും വിഷയവൈവിധ്യവും

**ഗൗരവമുള്ള** വിഷയങ്ങളും വൈവിധ്യം നിറഞ്ഞ അവതരണവും കൊണ്ട് *പ്രബോധനം* അറുപതാം വാർഷികപ്പതിപ്പ് ശ്രദ്ധേയമായി. കെ.പി രാമനുണ്ണി, പി. ഗോവിന്ദപ്പിള്ള, സുനിൽ പി. ഇളയിടം എന്നിവരുമായുള്ള അഭിമുഖങ്ങളാണ് വിശേഷിച്ചും താൽപര്യമുണർത്തിയത്. മീഡിയ സംബന്ധിച്ച ലേഖനങ്ങളും സമകാലികമായ ജാഗ്രത പുലർത്തുന്നതായി.

സാഹിത്യ സംബന്ധിയായ ലേഖനങ്ങളും കവിതകളും ഉൾപ്പെടുത്തിയത് വായനക്കാരെ സന്തോഷിപ്പിക്കും. *പ്രബോധന*ത്തിന്റെ പതിവു ലക്കങ്ങളിലും കുറച്ചു കവിതയും കഥയുമൊക്കെ ആകാവുന്നതാണ്.

അഭിമുഖത്തിൽ കെ.പി രാമനുണ്ണി നടത്തിയ ചില നിരീക്ഷണങ്ങളിൽ അതിഭാവുകത്വം കലർന്നതായി തോന്നി. നായന്മാർക്കിടയിലെ സ്നേഹരാഹിത്യം അനുഭവിച്ചറിഞ്ഞതുമൂലമാകാം കമലാ സുറയ്യ മതംമാറിയതെന്ന അദ്ദേഹത്തിന്റെ നിരീക്ഷണം അനുചിതമായിപ്പോയി. ഇവിടെ ജാതിയെ വലിച്ചിഴക്കേണ്ടിയിരുന്നില്ല. സ്നേഹ സമ്പന്നരായ ഒട്ടേറെ നായർസുദായാംഗങ്ങൾ നമുക്കിടയിലുണ്ടല്ലോ. ജാതി–മതബോധം മുഖ്യമായ ഇക്കാലത്ത് മതംമാറ്റം പോലെയുള്ള കാര്യങ്ങൾ എത്ര സദുദ്ദേശ്യത്തോടെ ചർച്ചചെയ്താലും സമുദായങ്ങൾക്കിടയിൽ വിദ്വേഷം പരക്കലാകും ഫലം.

**അജയ് പി. മങ്ങാട്ട് കോഴിക്കോട്**

# വാർഷികപ്പതിപ്പിലെ നനവുള്ള എഴുത്ത്

***പ്രബോധനം*** അറുപതാം വാർഷികപ്പതിപ്പ് വളരെ ഹൃദ്യമാണ്. ഞങ്ങളെപ്പോലുള്ളവർക്ക് വായിക്കാനുള്ള ഇടം *പ്രബോധന*ത്തിലുണ്ട് എന്ന് മനസ്സിലായത് വാർഷികപ്പതിപ്പ് കൈയിൽ കിട്ടിയപ്പോഴാണ്. പൊതു സമൂഹത്തോട് രചനാത്മകമായി സംവദിക്കാൻ മുസ്‌ലിം സമൂഹം സജ്ജമായിരിക്കുന്നു എന്നതിന്റെ വലിയൊരു ഉദാഹരണമാണ് അറുപതാം വാർഷികപ്പതിപ്പ്. എന്നെ ഏറെ ആകർഷിച്ചത് പി.ടി കുഞ്ഞുമുഹമ്മദുമായുള്ള സംഭാഷണമാണ്.

സിനിമയെ പടിക്ക് പുറത്ത് മാത്രം പരിഗണിച്ചിരുന്ന മുസ്‌ലിം സമൂഹത്തിൽ മുസ്‌ലിംകളുമായി പ്രത്യക്ഷത്തിൽ ബന്ധപ്പെടുന്നതല്ലാത്ത സിനിമകളെ കുറിച്ച് നിരൂപണം നടക്കുന്നുണ്ട് എന്നത് സന്തോഷകരം തന്നെ. കേരളത്തിലെ ഒന്നാംനിര സാഹിത്യകാരന്മാർ തങ്ങളുടെ അനുഭവങ്ങളിലെ ഇസ്‌ലാമിനെ വിവരിക്കുന്ന ഭാഗം വായിച്ചപ്പോൾ നമ്മുടെ സാംസ്കാരിക ലോകത്ത് മതങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യത എന്നെ അത്ഭുതപ്പെടുത്തി. ഞാനേറെ ഇഷ്ടപ്പെടുന്ന മാപ്പിള കലകളെ കുറിച്ചുള്ള പഠനങ്ങൾ വാർഷികപ്പതിപ്പിൽ കാണാതെ പോയത് പോരായ്മയായി തോന്നി. ഏതായാലും വ്യത്യസ്തതക്ക് പുറമെ നനവുള്ള എഴുത്തുകൂടി ഉൾച്ചേർന്നത് *പ്രബോധനം* അറുപതാം വാർഷികപ്പതിപ്പിനെ ആകർഷകമാക്കിയിട്ടുണ്ട്. ഭാവുകങ്ങൾ നേരുന്നു.

**പ്രിയങ്ക രവീന്ദ്രൻ**

# രാധാകൃഷ്ണൻ രേഖപ്പെടുത്തിയത്

**സി. രാധാകൃഷ്ണൻ** *പ്രബോധനം* അറുപതാം വാർഷികപ്പതിപ്പിൽ എഴുതിയ 'വിശ്വാ

സവും ജീവിതവും ഒന്നായില്ലെങ്കിൽ' എന്ന ലേഖനം ഉള്ളിൽ തട്ടുന്ന വായനാനുഭവമായി. ഖുർആനിക തത്ത്വങ്ങൾക്കനുസൃതമായി തങ്ങളുടെ ജീവിതത്തിന്റെ താളം കണ്ടെത്തിയ പൊന്നാനിയിലെ കച്ചവടക്കാരും വെറ്റിലക്കച്ചവടത്തിൽ കള്ളത്തരം കാണിക്കാൻ കൂട്ടാക്കാത്ത അയമുട്ടിപ്പാപ്പയും ധീരനായ അവുതളഹാജിയും ഇൻസ്പെക്ടറോട് കളവു പറയാൻ വയ്യാത്തതുകൊണ്ട് സ്കൂളിൽനിന്ന് അവധിയെടുത്ത് പ്രാർഥിക്കാനിരുന്ന ആലി മാസ്റ്ററും പ്രസരിപ്പിക്കുന്ന നന്മ അളവറ്റതാണ്. വഞ്ചനയുടെ ലോകത്ത് നേരിന്റെ നൂൽപ്പാലത്തിലൂടെ നടക്കുന്ന അത്ഭുത കഥാപാത്രങ്ങൾ! മറക്കാൻ കഴിയില്ല അവരെ ഒരിക്കലും. നേരിൽ കണ്ടെങ്കിൽ ആ കൈകൾ പിടിച്ച് ചുംബിക്കാൻ തോന്നുന്ന പുണ്യാത്മാക്കൾ! മനുഷ്യമനസ്സുകളെ ശുദ്ധീകരിക്കാൻ പര്യാപ്തമാണ്, ആ പച്ച മനുഷ്യരുടെ ജീവിതം പോലെതന്നെ രാധാകൃഷ്ണന്റെ ലളിത മനോഹരമായ ശൈലിയും. കൊട്ടാരങ്ങളിൽ പാർത്ത് ഇസ്ലാമിന്റെ ലാളിത്യത്തെക്കുറിച്ച് ഘോഷിക്കുന്ന പ്രഭുക്കന്മാരുടെ വാചാടോപത്തേക്കാൾ ആയിരം മടങ്ങ് ശക്തിയിൽ ഖുർആന്റെ സന്ദേശം പ്രസരിപ്പിക്കുന്നു ഈ പാവങ്ങളുടെ നിശ്ശബ്ദ ജീവിതം.

**കെ.പി ഇസ്മാഈൽ കണ്ണൂർ**

## ലിബർഹാൻ റിപ്പോർട്ടും കോൺഗ്രസ്സിന്റെ പങ്കും

**നീണ്ട** പതിനേഴു വർഷത്തെ കണ്ടെത്തലുകൾക്കൊടുവിൽ സമർപ്പിച്ച ലിബർഹാൻ കമീഷൻ റിപ്പോർട്ട് ഒരു ചാപ്പിള്ളയാണ്. 48 തവണ ആയുസ്സ് നീട്ടിക്കൊടുത്ത് 18 കോടിയോളം ചെലവഴിച്ച് ഉണ്ടായ റിപ്പോർട്ട് തീർത്തും അസന്തുലിതവും അപൂർണവുമാണ്. ബാബരി മസ്ജിദ് സംഘ്പരിവാർ കാപാലികർ തല്ലിത്തകർത്തതിന് പരോക്ഷമായി പല നിലക്കും ഒത്താശകൾ ചെയ്തുകൊടുത്ത് ഒടുവിൽ പള്ളി തകർന്നുവീഴുമ്പോൾ മൗനം പാലിച്ച കോൺഗ്രസ്സും അന്നത്തെ പ്രധാനമന്ത്രിയുമായിരുന്ന പി.വി നരസിംഹറാവുവും വഹിച്ച പങ്കിനെപ്പറ്റി ഒന്നുംപറയാത്ത റിപ്പോർട്ടിന്റെ ആധികാരികത തീർത്തും സംശയാസ്പദമാണ്. റാവുവിനെയും കോൺഗ്രസ് സർക്കാറിനെയും രക്ഷപ്പെടുത്തുക വഴി ലിബർഹാൻ കമീഷൻ റിപ്പോർട്ടിനെ വിമർശിക്കാനുള്ള 'നല്ല വടി' ബി.ജെ.പിക്കുണ്ടാക്കികൊടുക്കുകയാണ് ചെയ്തത്.

നാനാവതി കമീഷൻ റിപ്പോർട്ട്, ശ്രീകൃഷ്ണാ കമീഷൻ റിപ്പോർട്ട് തുടങ്ങി നൂറുകണക്കിന് റിപ്പോർട്ടുകളുടെ സ്മാരക ശിലകൾ നിറഞ്ഞു കിടക്കുന്ന ശ്മശാനത്തിൽ ഒരു ശിലകൂടിയാവും ഈ റിപ്പോർട്ട്. കാര്യക്ഷമവും ഫലപ്രദവുമായ ഒരു നടപടിയും ഇതിന്മേൽ ഉണ്ടാവാൻ ഇടയില്ല.

**എം. അശ്റഫ് ഫൈസി കാവനൂർ**

## ഡയറക്ടറി

കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫ്രൈഡേ ക്ലബ്ബുകൾ, പലിശരഹിത സാമ്പത്തിക സഹായ സംഘങ്ങൾ, മുസ്ലിം സാംസ്കാരിക സംഘടനകൾ, മുസ്ലിം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മുസ്ലിം ജമാഅത്ത് മഹല്ലുകൾ എന്നിവയുടെ ഒരു ഡയറക്ടറി പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. ഡയറക്ടറിയിൽ പേര് ഉൾപ്പെടാൻ താൽപര്യമുള്ളവർ സംഘടനയുടെ ലെറ്റർ ഹെഡിൽ പേര്, പ്രസിഡന്റ് സെക്രട്ടറിമാരുടെ വിലാസം, മൊബൈൽ നമ്പർ, ഇമെയിൽ വിലാസം എന്നിവ താഴെ വിലാസത്തിൽ അറിയിക്കാൻ താൽപര്യം.

**ജസ്റ്റിസ് കെ.എ അബ്ദുൽ ഗഫൂർ**
**ചെയർമാൻ, ഫോറം ഫോർ ഇന്റലക്ചൽ ഡയലോഗ്, വഞ്ചിനാട് റെസിഡൻസി, പി.ബി നമ്പർ 4239, കൊച്ചി-17.** intrafaith2010@gmail.com

# വൃത്തത്തിനുള്ളിലെ ഉന്നതർ

**ഈദുഗാഹുകൾക്കെതിരെയുള്ള** ഒരു തീരുമാനം ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമാ പുറത്തുവിട്ടിരിക്കുന്നു. പ്രവാചകചര്യയുടെ ലംഘനമല്ലേ ഇത്? വിശാലമായ പള്ളികൾ ഉണ്ടെങ്കിൽ ഈദ് ഗാഹുകൾ തരപ്പെടുത്താൻ മിനക്കെടേണ്ടന്ന് മഹാനായ ഇമാം ശാഫിഈ പറഞ്ഞുപോയി എന്നുള്ളതുകൊണ്ട് മാത്രമാണോ ഈ ഫത്‌വ? പ്രവാചകചര്യയെക്കുറിച്ച് അറിവുള്ള ഇമാം പള്ളി മതിയെന്നു പറയാനുണ്ടായ സാഹചര്യത്തെക്കുറിച്ച് ആരെങ്കിലും അന്വേഷിച്ചിട്ടുണ്ടോ? മഴ ഇല്ലാത്ത ഏതെങ്കിലും ദിവസത്തെ പെരുന്നാൾ നമസ്കാരം പ്രവാചകൻ പള്ളിയിൽ നിർവഹിച്ചിട്ടുണ്ടോ? ഈദുഗാഹുകൾക്ക് മണലാരണ്യം തന്നെ വേണോ? കേരളത്തിന്റെ ഭൂമി അതിനു യോജിച്ചതല്ലേ? സ്ത്രീയും പുരുഷനും കുഴഞ്ഞുമറിയുന്ന തരത്തിൽ എവിടെയെങ്കിലും ഈദുഗാഹുകൾ തരപ്പെടുത്തിയ ചരിത്രമുണ്ടോ? മുസ്‌ലിം വനിതകൾക്ക് ഒത്തുകൂടാനും ആശയങ്ങൾ പങ്കുവെക്കാനും ലഭിക്കുന്ന അവസരം കൂടി നിഷേധിക്കുന്നത് ധാർമികമോ? ഇസ്‌ലാം സ്ത്രീക്ക് നൽകിയ പരിഗണനയും മുഹമ്മദ് നബി(സ) അവർക്ക് നൽകിയ ആദരവും മനസ്സിലാക്കാൻ സാധിക്കാത്തവർ വിശുദ്ധ ഗ്രന്ഥവും ഇസ്‌ലാമിക ചരിത്രവും ആവർത്തിച്ചു പഠിക്കട്ടെ. യുദ്ധഭൂമിയിലും, പണ്ഡിതന്മാരായ സ്വഹാബികൾ നിറഞ്ഞ സഭകളിലും സ്ത്രീകളെ നിയോഗിച്ച ചരിത്രം ആർക്കാണറിയാത്തത്.

പുരുഷനേക്കാൾ ഒരുപിടി കൂടുതൽ പരിഗണന വിശുദ്ധ ഖുർആൻ സ്ത്രീകൾക്ക് നൽകുന്നില്ലേ? സ്ത്രീകൾക്ക് യാതൊരു പരിഗണനയും ലഭിക്കാത്ത അവസരത്തിലല്ലേ മാതാപിതാക്കളുടെ സ്വത്തിൽ അവകാശം ചാർത്തി വിശുദ്ധ ഗ്രന്ഥത്തിലെ സൂക്തങ്ങൾ അവതരിപ്പിക്കപ്പെട്ടത്. ഇസ്‌ലാം അനുശാസിക്കുന്ന വസ്ത്രധാരണം ചെയ്ത് പാലിക്കേണ്ട നിയമങ്ങൾക്ക് അനുസൃതമായി അവൾക്ക് ഭൂമിയിൽ ഏതറ്റം വരെയും സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യത്തെ ആരാണ് തടസ്സപ്പെടുത്തുക. സാമ്പത്തികവും സാംസ്കാരികവുമായി പിന്നാക്കം പോയിട്ടുള്ള ഇസ്‌ലാമിക സമൂഹത്തെ രക്ഷിക്കാൻ അമ്പതു ശതമാനത്തിലേറെ വരുന്ന സ്ത്രീകളുടെ കൂടി ഊർജവും കഴിവും പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്.

**അബ്ദുസ്സലാം കുമളി**

# ലൗ ജിഹാദും സദാചാര സേനയും

**ലൗ** ജിഹാദ് കവർസ്റ്റോറി (ലക്കം 24) വായിച്ചു. ലൗ ജിഹാദ് വിവാദത്തിലൂടെ കുളംകലക്കി മീൻ പിടിക്കാൻ ശ്രമിക്കുന്ന വർഗീയ ശക്തികൾക്ക് പ്രബുദ്ധ കേരളം ശക്തമായ മറുപടി നൽകിയിട്ടില്ല എന്നത് ഒരു യാഥാർഥ്യമാണ്.

സമൂഹത്തിൽ വിഭാഗീയത വളർത്തി ലൗ ജിഹാദ് പ്രയോഗം അരങ്ങുതകർക്കുമ്പോൾ എതിർഭാഗത്ത് 'പ്രതിരോധ'ക്കാരുടെ സാദാചാരസേന രംഗം കൊഴുപ്പിക്കുന്നു! മതത്തിന് വലിയ ഗൗരവമൊന്നും നൽകാതെ പ്രണയത്തിന്റെ സാക്ഷാത്കാരത്തിനായി, ഭൗതികലക്ഷ്യങ്ങളോടെ മതം മാറുന്നവരെ സംരക്ഷിക്കാനും തല്ലി കൊല്ലാനും എന്തിനാണ് സംഘം ചേരുന്നത്? പത്തിരുപത് കൊല്ലം കഷ്ടപ്പെട്ട് പോറ്റി വളർത്തിയ രക്ഷിതാക്കളെ കേവലം ഏതാനും മണിക്കൂർ നേരത്തെ ഇന്റർനെറ്റ് ചാറ്റിംഗ് വഴിയും മറ്റും പരിചയപ്പെട്ടവർക്ക് വേണ്ടി തള്ളിപ്പറയുന്നവരുടെ വക്കാലത്ത് ഏറ്റെടുക്കുന്നതും കടിപിടികൂടുന്നതും മിതമായി പറഞ്ഞാൽ വഷളത്തമാണ്.

ഏതായാലും ഇനിയും ലൗ ജിഹാദ് ചർച്ചയാക്കി *പ്രബോധനം* ഇത്തരം 'പ്രതിരോധ സേന'യുടെ ഭാഗമാകരുതെന്ന് അപേക്ഷിക്കുന്നു.

**അബൂ അഫ്നാൻ കവ്വായി, പയ്യന്നൂർ**